## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1978 — 01-02-2018 ൽ മറുപടിയ്ക്ക്

## കോങ്ങാട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) കോങ്ങാട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന സർക്കാർ ഉത്തരവ് **(RT)No.2996/2016** ആഭ്യന്തരം തീയതി **29.9.2016** പ്രകാരം ഭരണാനുമതിയും സർക്കാർ ഉത്തരവ് **(MS) NO.206/17/**റവ. തീയതി **19.6.2017** പ്രകാരം സ്ഥലം കൈമാറുകയും ഫയർ സ്റ്റേഷൻ തുടങ്ങുന്നതിന് ഫയർ റസ്ക്യൂ സർവ്വീസസ് ആസ്ഥാനത്തുനിന്ന് നിരവധി പ്രൊപ്പോസലുകൾ നൽകുകയും ചെയ്തിട്ടും ഇക്കാര്യത്തിൽ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | എ) പാലക്കാട് ജില്ലയിൽ കോങ്ങാട് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് വേണ്ടി മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥലം ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട താലൂക്ക് തഹസീൽദാർക്ക് പാലക്കാട് ജില്ലാകളക്ടർ കത്ത് നൽകിയിട്ടുണ്ട്. കോങ്ങാട് ഫയർ സ്റ്റേഷൻ താൽക്കാലികമായി വാടക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ടി കണ്ടെത്തിയ സ്ഥലങ്ങൾ ഭൗതിക സാഹചര്യങ്ങൾ അനുകൂലമല്ലാത്തതിനാൽ കോങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പെരിങ്ങോട് കേരള സാംസ്കാരിക നിലയം, കൈരളി വായനശാലയിൽ പ്രവർത്തനം ആരംഭിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന നിരക്കിൽ കെട്ടിടം വാടകയ്ക്ക് നൽകുന്നതിന് പഞ്ചായത്തിന് സമ്മതമാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ ഫയർ സ്റ്റേഷന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി പ്രസ്തുത കെട്ടിടം താൽക്കാലികമായി വകുപ്പിന് കൈമാറുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഫയർസ്റ്റേഷനിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും, വാഹനങ്ങൾ ഉപകരണങ്ങൾ എന്നിവ അനുവദിച്ച് |

ഭരണാനുമതി നൽകുന്നതിനുമായി ഡയറക്ടർ ജനറൽ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

| | |
|---|---|
| ബി) **17.7.2017-ൽ F1/5975/2016** പ്രകാരം സർക്കാരിലേയ്ക്ക് ഫയർ ആൻഡ് റസ്ക്യൂ സർവ്വീസസ് എച്ച്.ക്യു.-വിൽ നിന്ന് സമർപ്പിച്ച പ്രൊപ്പോസലിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരവും കലണ്ടർ ഓഫ് ആക്ഷൻ റിപ്പോർട്ടും ലഭ്യമാക്കുമോ? | ബി) ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സർക്കാർ സ്വീകരിച്ച പ്രധാന നടപടികൾ സംബന്ധിച്ച വിവരം അനുബന്ധത്തിലെ കലണ്ടർ ഓഫ് ആക്ഷൻ റിപ്പോർട്ടിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| തീയതി | സ്വീകരിച്ച നടപടി / നടപടി സംബന്ധിച്ച സ്ഥിതി |
|---|---|
| 05-08-17 | 17-07-17 ലെ എഫ്1-5975/16 നമ്പർ കത്ത് പ്രകാരം ഫയർ & റെസ്ക്യു ഡയറക്ടർ ജനറൽ ലഭ്യമാക്കിയ പ്രൊപ്പോസൽ ആഭ്യന്തര (എഫ്) വകുപ്പിൽ ലഭിച്ചു. |
| 08-08-17 | പ്രസ്തുത നിർദ്ദേശത്തിന്മേൽ എഫ്2/226/17/ആഭ്യന്തരം നമ്പർ ഫയലിൽ തുടർ നടപടി സ്വീകരിക്കുന്നതിനായി സമർപ്പിക്കപ്പെട്ടു |
| 11-08-17 | തസ്തികകൾ സൃഷ്ടിക്കുന്നതിനും, വാഹനങ്ങൾ ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിനും ഭരണാനുമതി നൽകുന്ന വിഷയത്തിൽ പരിശോധന നടത്തുന്നതിനായി ആവശ്യമായ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഫയൽ സമർപ്പിച്ചു |
| 23-08-17 | 23 തസ്തികകൾ സൃഷ്ടിക്കുന്നതിൽ യോജിപ്പിനായി ഫയൽ ധനകാര്യ വകുപ്പിലേക്ക് അയയ്ക്കാൻ ഉത്തരവായി. |
| 23-08-17 | തദനുസരണം, ടി ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചു |
| 24-10-17 | കോങ്ങാട് ഫയർ & റെസ്ക്യു സ്റ്റേഷൻ പ്രവർത്തിക്കുന്നതിനായി സ്ഥലം, കെട്ടിടം എന്നിവ കണ്ടെത്തിയിട്ടുണ്ടോ എന്ന വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് ധനകാര്യ വകുപ്പ് ഫയൽ മടക്കി. |
| 28-10-17 | ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ഫയർ & റെസ്ക്യു ഡയറക്ടർ ജനറലിന് കത്ത് അയച്ചു |
| 04-11-17 | 26-10-17 ലെ എഫ്1-5975/16 നമ്പർ കത്തു പ്രകാരം ഫയർ & റെസ്ക്യു ഡയറക്ടർ ജനറൽ ലഭ്യമാക്കിയ വിശദാംശങ്ങൾ സർക്കാരിന് ലഭിച്ചു |
| 17-11-17 | അനന്തര നടപടികൾക്കായി ഫയൽ വീണ്ടും ധനകാര്യ വകുപ്പിലേക്ക് അയയ്ക്കാൻ ഉത്തരവായി |
| 17-11-17 | തദനുസരണം, ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചു |

സെക്ഷൻ ഓഫീസർ